KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

റഫ.നമ്പർ:3025/Plg                                                    തിയ്യതി: 15.02.2021

## സർക്കുലർ നമ്പർ 12/2021 (BD)

വിഷയം : കേരള ബജറ്റ് 2021- കെ.എസ്.എഫ്.ഇ യിലെ ചിട്ടി വരിക്കാർക്ക് അത്യാഹിത പരിരക്ഷ ഏർപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന : 1.ബഹു.ധനമന്ത്രി 15.01.2021 ൽ കേരള നിയമസഭ മുൻപാകെ അവതരിപ്പിച്ച ബജറ്റ് 2021
2. 20.01.2020 ൽ നടന്ന ബോർഡ് യോഗത്തിന്റെ 9170 നമ്പർ തീരുമാനം
3. സർക്കുലർ 27/2019 തിയ്യതി 13.06.2019

** ** **

സൂചന (1) ൽ പറയുന്ന ബജറ്റിലെ 274-ാം നമ്പർ ഖണ്ഡികയിൽ കെ.എസ്.എഫ്.ഇ യിലെ ചിട്ടി വരിക്കാർക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തും എന്ന് പ്രഖ്യാപിച്ചിരുന്നു . സൂചന (2) പ്രകാരം ഡയറക്ടർ ബോർഡ് ഇക്കാര്യം ചർച്ച ചെയ്യുകയും , ഇൻഷുറൻസ് പരിരക്ഷയ്ക്ക് സമാനമായ അത്യാഹിത പരിരക്ഷ കെ.എസ്.എഫ്.ഇ നേരിട്ട് അതിന്റെ ചിട്ടി വരിക്കാർക്ക് പ്രദാനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2021 ഫെബ്രുവരി 15 മുതൽ വിവിധ ശാഖകളിൽ നിന്ന് ആരംഭിക്കുന്ന ചിട്ടികളിൽ വരിക്കാരായി ചേരുന്നവർക്ക് താഴെപ്പറയുന്ന തരത്തിലുള്ള അത്യാഹിത പരിരക്ഷ ഏർപ്പെടുത്തിയിരിക്കുന്ന വിവരം അറിയിക്കുന്നു.

ഈ അത്യാഹിത പരിരക്ഷാ പദ്ധതി അനുസരിച്ച് ചിട്ടി പിടിച്ചെടുത്ത ശേഷം വരിക്കാരന്/വരിക്കാരിയ്ക്ക് ദൗർഭാഗ്യവശാൽ മരണം സംഭവിക്കുകയാണെങ്കിൽ , ആ സമയത്ത്

1. വ്യക്തിയുടെ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ 25 ലക്ഷം രൂപ വരെയുള്ള ഭാവിബാധ്യത കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.
2. 40 വയസ്സിനു മുകളിലാണെങ്കിൽ 10 ലക്ഷം രൂപ വരെയുള്ള ഭാവിബാധ്യത കെ.എസ്.എഫ്.ഇ വഹിക്കുന്നതാണ്.

ഈ ആനുകൂല്യം ആഗ്രഹിക്കുന്ന വ്യക്തികൾ, മരണാസന്നമായ മാരകരോഗങ്ങൾ ബാധിച്ചിട്ടില്ല എന്നും പൂർണ്ണാരോഗ്യവാന്മാർ / ആരോഗ്യവതികൾ ആണെന്ന് കാണിക്കുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (മാതൃകാ ഫോറം ഇതോടൊപ്പം അടക്കം ചെയ്തിട്ടുണ്ട്) ചിട്ടിയിൽ ചേർന്ന് ഒരു മാസത്തിനകം ഹാജരാക്കേണ്ടതാണ്. മേൽ നിബന്ധനയ്ക്ക് വിധേയമായി നിശ്ചിത തിയ്യതിയ്ക്ക് മുമ്പായി പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവർക്ക് ഈ ആനുകൂല്യം ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല. " അത്യാഹിത പരിരക്ഷ ലഭ്യമാക്കുന്നതിന് ചിട്ടി ചേർന്ന ശേഷം ഒരു മാസത്തിനുള്ളിൽ നിശ്ചിത ഫോറത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റ് ശാഖയിൽ സമർപ്പിക്കേണ്ടതാണ്" എന്നത് ശാഖയിൽ എല്ലാ ചിറ്റാളരുടേയും ശ്രദ്ധ പതിക്കുന്ന തരത്തിൽ എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

മരണപ്പെട്ട വരിക്കാരന്റെ / വരിക്കാരിയുടെ പേരിൽ ഭാവിബാധ്യത കണക്കാക്കുമ്പോൾ ഒന്നിൽ കൂടുതൽ ചിട്ടികൾ ഉണ്ടെങ്കിൽ അവയെല്ലാം കൂട്ടിച്ചേർത്ത്, മേൽപ്പറഞ്ഞ പ്രകാരം അത്യാഹിതപരിരക്ഷാപദ്ധതി അനുവദിക്കാവുന്നതാണ്. എന്നാൽ 2021 ഫെബ്രുവരി 15 ന് മുൻപ് ചേർന്ന ചിട്ടികൾ ഈ പദ്ധതിയുടെ പരിധിയിൽ പെടുന്നില്ല. അതേ സമയം ആ ചിട്ടികൾ നമ്മൾ മുൻപ് പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും അത്യാഹിതപരിരക്ഷാ പദ്ധതി അനുസരിച്ച് സാധുവാണെങ്കിൽ, അതനുസരിച്ചുള്ള പരിരക്ഷാ ഇളവ് ആ ചിട്ടികൾക്ക് നൽകാവുന്നതാണ്. എന്നാൽ എല്ലാ ചിട്ടികളിലും കൂടി അനുവദിക്കുന്ന അത്യാഹിതപരിരക്ഷ ചിറ്റാളരുടെ മരണം സംഭവിക്കുന്നത് 2021 ഫെബ്രുവരി 15 ന് ശേഷമാണെങ്കിൽ, മേൽക്കാണിച്ചിട്ടുള്ള പരിധിയിൽ കവിയാൻ പാടുള്ളതല്ല . അതുപോലെത്തന്നെ, 2021 ഫെബ്രുവരി 15 നു ശേഷം ആരംഭിച്ച സുവർണ്ണജൂബിലി ചിട്ടികൾ 2020 ൽ പെടുന്ന ചിട്ടികൾക്ക് ബാധകമാകുക ഈ പുതിയ അത്യാഹിത പരിരക്ഷ ആയിരിക്കും.

ഉദാഹരണമായി A എന്ന വ്യക്തി 2021 ഫെബ്രുവരി 15 ന് മുൻപ് സൂചന 3 പ്രകാരമുള്ള നമ്മുടെ ചിട്ടിയിൽ ചേർന്നിരുന്നു എന്നു കരുതുക. 2021 ഫെബ്രുവരി 15 ന് ശേഷം തുടങ്ങുന്ന മറ്റൊരു ചിട്ടിയിലും A ചേരുകയുണ്ടായി എന്നും രണ്ടു ചിട്ടികളും പിടിച്ച ശേഷം ദൗർഭാഗ്യവശാൽ A മരണപ്പെട്ടു എന്നും താഴെപ്പറയുന്ന ഭാവി ബാധ്യതകൾ ആണ് A യ്ക്ക് മരണസമയത്ത് ഉണ്ടായിരുന്നത്, എന്നും കരുതുക.

ആദ്യം ചേർന്ന ചിട്ടിയിലെ മേൽ ബാധ്യത 15 ലക്ഷം രൂപ, രണ്ടാമത് ചേർന്ന ചിട്ടിയിലെ മേൽ ബാധ്യത 20 ലക്ഷം രൂപയും ആണെങ്കിൽ

I. അത്യാഹിതം സംഭവിക്കുമ്പോൾ പ്രായം 40 വയസ്സോ അതിൽ താഴെയോ ആണെങ്കിൽ ആകെ ലഭിക്കുന്ന പരിരക്ഷ ഇപ്രകാരമാണ്

| | |
|---|---|
| ആദ്യത്തെ ചിട്ടിയിൽ ലഭിക്കുന്ന പരിരക്ഷ | = 10 ലക്ഷം രൂപ (സർക്കുലർ നമ്പർ 27/2019 (BD)പ്രകാരം) |
| രണ്ടാമത്തെ ചിട്ടിയിൽ ലഭിക്കുന്ന പരിരക്ഷ | = 20 ലക്ഷം രൂപ |
| ആകെ | = 30 ലക്ഷം രൂപ |

എന്നാൽ ഈ സർക്കുലറിലെ വ്യവസ്ഥ പ്രകാരം **25 ലക്ഷം രൂപ**യുടെ പരിധി കവിയാൻ പാടില്ലാത്തതിനാൽ 25 ലക്ഷം രൂപയുടെ അത്യാഹിത പരിരക്ഷ മാത്രമേ നൽകേണ്ടതുള്ളൂ.

II. അത്യാഹിതം സംഭവിക്കുമ്പോൾ A യുടെ പ്രായം 40 വയസ്സിനു മുകളിലാണെങ്കിൽ ആകെ ലഭിക്കുന്ന പരിരക്ഷ ഇപ്രകാരമാണ്

| | |
|---|---|
| ആദ്യത്തെ ചിട്ടിയിൽ ലഭിക്കുന്ന പരിരക്ഷ | = 10 ലക്ഷം രൂപ (സർക്കുലർ നമ്പർ 27/2019 (BD)) |
| രണ്ടാമത്തെ ചിട്ടിയിൽ ലഭിക്കുന്ന പരിരക്ഷ | = 10 ലക്ഷം രൂപ |
| ആകെ | = 20 ലക്ഷം രൂപ |

എന്നാൽ ഈ സർക്കുലർ പ്രകാരം **10 ലക്ഷം രൂപ** മാത്രമേ അത്യാഹിത പരിരക്ഷയായി അനുവദിക്കാവൂ.

അത്യാഹിത പരിരക്ഷ ആവശ്യപ്പെടുന്ന സമയത്ത് ബന്ധപ്പെട്ട വ്യക്തിയുടെ മരണ സർട്ടിഫിക്കറ്റ്, വയസ്സ് തെളിയിക്കുന്ന അംഗീകൃത രേഖ എന്നിവ ഹാജരാക്കേണ്ടതാണ്. കൂടാതെ ഈ രേഖകൾ സർട്ടിഫൈ ചെയ്ത് ശാഖാ മാനേജരുടെ ശുപാർശയോടെ ഹെഡ് ഓഫീസ് ബിസിനസ്സ് ഡിപ്പാർട്ട്മെന്റിൽ സമർപ്പിച്ച് അനുമതി വാങ്ങിയതിനു ശേഷം മാത്രമേ ഈ ആനുകൂല്യം ബന്ധപ്പെട്ട ചിട്ടികളിൽ അനുവദിക്കാവൂ. അത്യാഹിത പരിരക്ഷയായി കണക്കാക്കുന്ന തുക ബുക്ക് അഡ്ജസ്റ്റ്മെന്റ് വഴി ചിട്ടിയുടെ ഭാവി ബാധ്യത തീർക്കാനായി മാത്രമാണ് ഉപയോഗിക്കുക. യാതൊരു കാരണവശാലും ഇത് തുകയായി യാതൊരാൾക്കും കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല. **30 മാസത്തിനു മുകളിൽ കാലാവധിയുള്ള ചിട്ടികൾക്ക് മാത്രമേ ഈ പദ്ധതി ബാധകമാവൂ.**

ഈ പരിരക്ഷ യുവജനങ്ങളെ നമ്മുടെ ചിട്ടിയിലേയ്ക്ക് ആകർഷിക്കാനുള്ള ഒരു ഉപാധിയായി മനസ്സിലാക്കുകയും ആ തരത്തിൽ അതിന് പ്രചുരപ്രചാരം നൽകുകയും ചെയ്താൽ തീർച്ചയായും ചിട്ടി ബിസിനസ്സിൽ വലിയ അഭിവൃദ്ധി പ്രതീക്ഷിക്കാവുന്നതാണ്. ആ കാഴ്ചപ്പാടിൽ ഇതിന്റെ സന്ദേശം എല്ലാവരിലും എത്തിക്കാൻ ശ്രമിക്കേണ്ടതാണ്. ചിട്ടി പദ്ധതിയിലെ മറ്റ് ആനുകൂല്യങ്ങൾക്കൊപ്പം ഇതും സഹായകരമാണ് എന്നതു മുൻ നിർത്തി ഈ സാമ്പത്തിക വർഷത്തെ ചിട്ടി ബിസിനസ്സ് ലക്ഷ്യങ്ങൾ നേടാൻ എല്ലാവരും ഒത്തൊരുമയോടെ പ്രവർത്തിക്കാൻ താത്പര്യപ്പെടുന്നു.

**സുബ്രഹ്മണ്യൻ വി.പി.**
**മാനേജിംഗ് ഡയറക്ടർ**

To: എല്ലാ ശാഖാ തലവൻമാർക്കും

പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv. എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v. എം.ഡി. യുടെ പി.എ.
vi. സർക്കുലർ ഫയൽ

# Compulsory Health Certificate

I have personally examined ------------son/daughter/spouse of------------ -------age--------years, resident of ---------------------------and after conducting relevant investigations, certify that:

a) He/she is not suffering ----any cardiac, Respiratory or any other ailment

b) I have found him/her physically fit and sound mental health

This Fitness Certificate is being issued for joining KSFE chitties and for availing liability waiver scheme.

Specimen signature of
Subscriber

Signature & Seal of
Registered Medical Practitioner

Date:

Name / Department

MCI Reg. No.

Address of RMP